**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 742** — **03.11.2011- ൽ മറുപടിയ്ക്ക്**

**തരിശ് നിലത്തെ കൃഷി**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി.സി. ജോർജ്<br>ശ്രീ. തോമസ് ഉണ്ണിയാടൻ<br>ഡോ. എൻ. ജയരാജ്<br>ശ്രീ. റോഷി അഗസ്റ്റിൻ | ശ്രീ. കെ.പി. മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) തരിശുനിലം കൃഷി യോഗ്യമാക്കുന്നതിന് പ്രത്യേക പദ്ധതി ത്രിതലപഞ്ചായത്തുകളുമായി ച്ചേർന്ന് നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | എ) നടപടികൾ സ്വീകരിച്ചുവരുന്നു. |
| ബി) തരിശ് നിലം കൃഷി യോഗ്യമാക്കി കാർഷിക മേഖലയെ സ്വയംപര്യാപ്തതയിലേക്ക് കൊണ്ടുവരുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ? | ബി) തരിശുനിലം കൃഷിയോഗ്യമാക്കി കാർഷിക മേഖലയെ സ്വയംപര്യാപ്തതയിലേക്ക് കൊണ്ടുവരുന്നതിന് 5 കോടി രൂപയുടെ തരിശുഭൂമി കൃഷി എന്ന പദ്ധതി പൊതുജന പങ്കാളിത്തത്തോടെ കൃഷി ഭവനുകൾ മുഖാന്തിരം നടപ്പു സാമ്പത്തിക വർഷം നടപ്പാക്കുന്നുണ്ട്. ഈ പദ്ധതിയിൽ കർഷകർക്ക് താഴെ വിവരിക്കുന്ന ഘടകങ്ങൾക്ക് സാമ്പത്തിക സാങ്കേതിക സഹായം ലഭ്യമാക്കും.<br>(1) അടിസ്ഥാന സൗകര്യ വികസനം<br>(2) ഉല്പാദനോപാധികൾക്ക് ധനസഹായം<br>(3) വിപണന സൗകര്യം<br>(4) വായ്പാ സൗകര്യങ്ങൾ<br>പദ്ധതി സന്നദ്ധ സംഘടനകൾ, സ്വയം സഹായ സംഘങ്ങൾ, വ്യക്തികൾ, കുടുംബശ്രീ യൂണിറ്റുകൾ, വനിതാഗ്രൂപ്പുകൾ തുടങ്ങിയവ വഴി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. പദ്ധതിയ്ക്ക് അന്തിമ രൂപം നല്കി വരുന്നു. |

സെക്ഷൻ ഓഫീസർ